# പാടി സ്തുതിക്കുന്ന ഭക്തൻ

## സങ്കീർത്തനങ്ങൾ 69:30–31

**"ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അതു യഹോവക്ക് കാളയെക്കാളും കൊമ്പും കുളമ്പും ഉള്ള മൂരിയെക്കാളും പ്രസാദകരമാകും"**

'സ്തുതികളിന്മേൽ അധിവസിക്കുന്നവനാണ് നമ്മുടെ ദൈവം'. എപ്പോഴും സന്തോഷത്തോടെ ഇടവിടാതെ പ്രാർത്ഥിക്കണമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ. അതിന്റെ ഒരു ബാഹ്യപ്രകടനമാണല്ലോ പാട്ടു പാടി സ്തുതിക്കുക എന്നു പറയുന്നത്. ഇത് ദൈവത്തിന് ഏറ്റവും പ്രസാദകരമാകുന്നുവെന്നും മുകളിൽ പറഞ്ഞ വാക്യങ്ങൾ വ്യക്തമാക്കുന്നുവല്ലോ. സന്തോഷവേളയിലും സന്താപവേളയിലും പാട്ടു പാടി ദൈവത്തെ സ്തുതിക്കുവാൻ നമുക്ക് കഴിയണം.

ശീലാസും പൗലോസും കാരാഗ്രഹത്തിൽ അകപ്പെട്ട അവസ്ഥയിൽ അവർ എന്താണ് ചെയ്തത്? അവർ ദൈവത്തെ പാടി സ്തുതിച്ചു എന്നു നാം വായിക്കുന്നു. കാലുകൾ ആമത്തിൽ ഇട്ടു പൂട്ടി അനവധി അടികൾ ഏറ്റ് തകർന്ന അവസ്ഥയിലായിരുന്നു അവർ ദൈവത്തെ പാടി സ്തുതിക്കുവാൻ ഇടയായത്. ഇപ്രകാരമുള്ള ഒരു അവസ്ഥ നമ്മുടെ ജീവിതത്തിൽ ഉണ്ടായാൽ നാം എന്തു ചെയ്യുമായിരുന്നു എന്ന് ഒന്നു ചിന്തിച്ചു നോക്കാം. ഒരുപക്ഷേ ഭാരവും നിരാശയോടെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട ഒരു അവസ്ഥയിൽ നാം ആയിത്തീർന്നേക്കാം.

എന്നാൽ നിരാശപ്പെടാതെ പ്രത്യാശയോടെ ശീലാസും പൗലോസും ദൈവത്തെ പാടി സ്തുതിച്ചപ്പോൾ, കാരാഗ്രഹത്തിലായിരുന്ന എല്ലാവരുടെയും ചങ്ങലകൾ അഴിയുകയും കാരാഗ്രഹ വാതിലുകൾ തുറക്കപ്പെടുകയും ചെയ്തു എന്ന് നാം വായിക്കുന്നു. അതുമാത്രമല്ല, ഭയപരവശനായ കാരാഗ്രഹപ്രമാണി ജീവനുള്ള ദൈവമായ നമ്മുടെ കർത്താവായ യേശുവിനെ വിശ്വസിക്കുവാനും തന്നിമിത്തം അവനും അവന്റെ കുടുംബവും രക്ഷപ്രാപിക്കുവാനും ഇടയായി തീർന്നു എന്നു നാം വായിക്കുന്നു.

പ്രിയ ദൈവപൈതലേ, നീ ഇന്ന് ചുറ്റും ഭീകരതയേറിയതും സ്വാതന്ത്രമില്ലാതെ ശത്രുഭീതി കേട്ട് ഞെട്ടിവിറച്ച ഒരു സാഹചര്യത്തിലാണോ ആയിരിക്കുന്നത്. എന്നാൽ അങ്ങനെ തളർന്നിരിക്കുവാനുള്ള സമയമല്ല ഇത്. എല്ലാ സാഹചര്യവും അനുകൂലമായിട്ട് പ്രാർത്ഥിക്കുവാനും പാടുവാനും ഒരിക്കലും സാധ്യമല്ല. മറിച്ച് സാഹചര്യങ്ങളെ വലിയ വിഷയമായി കാണാതെ നമുക്കു വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ മാത്രം നോക്കിക്കൊണ്ട് സ്തുതി സ്തോത്രയാഗങ്ങൾ അർപ്പിക്കുക.

അപ്രകാരം പാടി സ്തുതിക്കുമ്പോഴാകുന്നു നമ്മുടെ വിടുതൽ നമ്മെ തേടിയെത്തുന്നത്. സന്തോഷമുള്ള ഹൃദയത്തോടെ കൈത്താളമേളങ്ങളോടെ നമ്മുടെ ദൈവത്തെ പാടി സ്തുതിക്കാം. ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

എഫെസ്യർ 5:19–20

‘ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്ത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊള്ളുവിൻ’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 028